# മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ റിപ്പോർട്ട്

1-10-2018 to 31-03-2019

വാർഡ്-12

പീച്ചംകോട്

എടവക ഗ്രാമ പഞ്ചായത്ത്

വയനാട് ജില്ല

SOCIAL AUDIT DRAFT REPORT

**ആമുഖം,**

മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട എടവക ഗ്രാമപഞ്ചായത്തിലെ 12 വാർഡ് ആയ പീച്ചംകോട് വാർഡില് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില് ഉൾപ്പെടുത്തി നടപ്പിലാക്കിയ 12 പ്രവൃത്തികൾ ആണ് സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്

**ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ**

| നമ്പർ | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 1603002001/LD/319680 | ഫാംബണ്ടിംങ് | 385085 | 361560 |
| 2 | 1603002001/LD/319682 | ഫാം ബണ്ടിംങ് | 385058 | 212361 |
| 3 | 1603002001/RC/2726I0 | നെച്ചിക്കണ്ടി നടപ്പാത | 207000 | 177588 |
| 4 | 1603002001/RC/66096 | ITC റോഡ് കോൺക്രീറ്റ് | 346385 | 375118 |
| 5 | 1603002001/RC/272653 | കുണ്ടോണി മമ്മു വീട് നടപ്പാത | 112200 | 108058 |
| 6 | 1603002001/IF/374 265 | ലൈഫ് ഭവന നിർമ്മാണംസഫീന | 42500 | 36390 |
| 7 | 1603002001/RS/337400 | IHHL നസീമ പളിക്കണ്ടി | 13993 12 | 12000 |
| 8 | 1603002001/IF/384490 | സുബൈദ ലൈഫ് ഭവനം | 42000 | 3690 |
| 9 | 1603002001/IF/364971 | ലൈഫ് ഭവന ആസ്യ | 25000 | 4336 |
| 10 | 1603002001/IF/374265 | ലൈഫ് ഭവന പദ്ധതി ഖദീജ ചെറുവകണ്ടി | 41000 | 24390 |
| 11 | 1603002001/IF/363217 | നജ്മത്ത് ലൈഫ് ഭവനം. | 24840 | 8401 |
| 12 | 1603002001/IF/37 | തൊഴുത്ത് ഇബ്രാഹിം മന്ദം | 90000 | 81962 |

SOCIAL AUDIT DRAFT REPORT

| | | | | |
|---|---|---|---|---|
| | 5658 | കണ്ടി. | | |
| | | | | |

**തൊഴിലാളികൾക്കുള്ള അവകാശങ്ങളും കണ്ടെത്തലുകളും**

- തൊഴിൽ കാർഡിന് അപേക്ഷിക്കുവാനും അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ കാർഡ് ലഭിക്കുന്നതിനും ഉള്ള അവകാശം.
    - നിലവിൽ അപേക്ഷിച്ചവർക്കെല്ലാം തന്നെ സമയബന്ധിതമായി കാർഡ് ലഭിച്ചിട്ടുണ്ട്.
- തൊഴിലിന് അപേക്ഷിക്കുന്നതിനുള്ള അവകാശം
    - തൊഴിലാളിക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളില് തൊഴിലാളികൾ തൊഴിലിന് അപേക്ഷിച്ചിട്ടില്ല.
- തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴില് ലഭിച്ചില്ല എങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം
    - തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളില് തൊഴില് ലഭിച്ചതിനാൽ തൊഴിലില്ലായ്മ വേതനം ലഭിച്ചിട്ടില്ല
- തൊഴിൽ ചെയ്തു 15 ദിവസത്തിനുള്ളില് വേതനം ലഭിച്ചില്ല എങ്കിൽ നഷ്ടപരിഹാരത്തിനുള്ള അവകാശം(ദിവസ വേതനത്തിന്റെ 0.05%)
- തൊഴിലിടങ്ങളിൽ കുടിവെള്ളം,തണൽ,വിശ്രമം,പ്രഥമ ചികിൽസ സൌകര്യം എന്നിവ ലഭിക്കാനുള്ള അവകാശം
    - തൊഴിലിട സൌകര്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

SOCIAL AUDIT DRAFT REPORT

- സർക്കാര് അനുവദിക്കുന്ന മിനിമം വേതനം ലഭിക്കുന്നതിനുള്ള അവകാശം
    - സർക്കാര് അനുവദിച്ച വേതനം കൃത്യമായി ലഭിക്കുന്നുണ്ട്
- പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ആസൂത്രണ പ്രക്രീയയിൽ ഇടപെടുന്നതിനുമുള്ള അവകാശം
    - ഈ അവകാശം വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താന് തൊഴിലാളികൾക്ക് സാധിച്ചിട്ടില്ല.
- താമസസ്ഥലത്തിന് 5 കിലോമീറ്റര് ചുറ്റളവില് തൊഴില് ലഭിക്കുന്നതിനുള്ള അവകാശം
    - നിലവിൽ 5 കിലോമീറ്റര് ദൂരത്തിനപ്പുറം ആരും തന്നെ പ്രവൃത്തി എടുക്കുന്നില്ല.
- 5 വയസ്സില് താഴെപ്രായമുള്ള 5 കുട്ടികളിൽകൂടുതല് തൊഴില് സ്ഥലത്തുണ്ടെങ്കിൽ ആയയുടെ സേവനം ലഭിക്കാനുള്ള അവകാശം
    - ഇതുവരെ അങ്ങിനെയുള്ള സാഹചര്യം ഇല്ലാത്തതിനാല് ഈ അവകാശം ഉപയോഗപ്പെടുത്താൻ സാധിച്ചില്ല.
- സാമൂഹിക പരിശോധന നടത്തുന്നതിനും പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള അവകാശം
    - ഒരു പരാതിയും ഇതുവരെ നൽകിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന പ്രവൃത്തികള്

വിഭാഗം എ): പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ,മൺതടയണകള്,അണകൾ,ചെക്ക്ഡാമുകൾ

SOCIAL AUDIT DRAFT REPORT

തുടങ്ങിയ ജലസംരക്ഷണത്തിനും,ജലകൊയ്ത്തിന്നും സഹായകകരമായ നിർമിതികൾ.

2. ഓരോ നീർത്തടത്തിന്റെയുംസമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകൾ.
3. കൊണ്ടൂർ ട്രഞ്ചുകള് ,തട്ടുതിരിക്കൽ, കോണ്ടൂര് ബണ്ടുകള് , കൽ ടയണകള്,ഗ്യാബിയോൺ നിർമിതികള്,നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവ്യത്തികൾ,
4. സൂഷ്മ -ചെറുകിട ജലസേചന പ്രവ്യത്തികളും തൊടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം,പുനരുദ്ധരണം,മെയിന്റനൻസ് എന്നീ പ്രവ്യത്തികളും.
5. ജല സേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധരണവും.
6. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും ,വനഭൂമിയിലും,മറ്റ് പൊതുഭൂമിയിലും ഫലവ്യക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും.ഇവയിൽനിന്നു ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്.
7. പൊതു ഭൂമിയിലെ വികസന പ്രവ്യത്തികളും.

വിഭാഗം-ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ(ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

SOCIAL AUDIT DRAFT REPORT

1. ഖണ്ഡിക 5 ല് പരമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂ വികസനവും,കിണറുകള്,കുളങ്ങൾ,മറ്റ്ജല കൊയ്ത്ത് നിർമ്മിതികൾഎന്നിവ ഉൾപ്പെടെയുള്ളജല സേചനത്തിനാവശ്യമായ അടിസ്ഥാനസൌകര്യങ്ങൾ ലഭ്യമാക്കൽ,
2. പഴകൃഷി,പട്ടുനൂൽകൃഷി,തോട്ട വിള കൃഷിഫാം ഫോറേസ്ട്രി എന്നിവയിലൂടെആജീവനം മെച്ചപ്പെടുത്തൽ.
3. ഖണ്ഡിക 5 ല് സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി വികസിപ്പിച്ച്കൃഷിക്ക് അനുയോജ്യമാക്കൽ,
4. പ്രധാന മന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകള് ആവിഷ്ക്കരിക്കുന്ന മറ്റ് ഭാവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭാവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴില് ഘടകം,
5. മൃഖ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ ആയ കോഴിക്കൂട്,ആട്ടിൻകൂട്,തൊഴുത്ത്,പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും
6. മത്സ്യ ബന്ധന പ്രവർത്തനങ്ങള് പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൌകര്യങ്ങൾ ആയ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ,മത്സ്യം സൂക്ഷിയ്ക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷക്കാലത്ത് മാത്രം വെള്ളം ലഭിക്കുന്ന പൊതു കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൌകര്യം ഒരുക്കലും,

വിഭാഗം-സി : ദേശീയ ഗ്രാമീണഉപജീവന മിഷന്റെ നിബന്ധനകള് അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യങ്ങൾ

SOCIAL AUDIT DRAFT REPORT

1. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൌകര്യം ഉൾപ്പെടെ ഉള്ള വിടവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൌകര്യങ്ങൾ,ജൈവ വലം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ട്ടിക്കുക വഴി കർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും,
2. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡുകളുടെ നിർമ്മാണവും.

വിഭാഗം-ഡി : ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ

1. നിർദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ്യ മാലിന്യ സംസ്ക്കരണത്തിനും,തുറസ്സായ സ്ഥലങ്ങളിൽ മല മൂത്ര വിസ്സർജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സര്ക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ ,സ്കൂൾ ടോയിലെറ്റുകള്,അങ്കണവാടി ടോയിലെറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികള്.
2. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,ഓടകൾ കലുങ്കുകള് എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും നിർമ്മാണവും,
3. കളി സ്ഥലങ്ങളുടെ നിർമ്മാണവും,

SOCIAL AUDIT DRAFT REPORT

4. വെള്ള പ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ,വെള്ള ക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജല നിർഗമന പ്രവൃത്തികള്,മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതു സ്ഥലങ്ങളുടെ മെച്ചപ്പെടുത്തല്,തീര പ്രദേശത്തെ സംരക്ഷണത്തിന്നായുള്ള സ്റ്റോം വാട്ടർ ഡ്രയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൌകര്യങ്ങൾ,റോഡുകളുടെ പുനരുദ്ധരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും,
5. ഗ്രാമ പഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ,കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങള്,അങ്കണ വാടി കേന്ദ്രങ്ങൾ,ഗ്രാമീണ ചന്തകൾ എന്നിവയ്ക്ക് ആവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും,ഗ്രാമ /ബ്ളോക്ക് തല ശ്മശാനങ്ങളുടെ നിർമ്മാണവും,
6. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യ ധാന്യ ശംബരണികളുടെ നിർമ്മാണവും,
7. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും.
8. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്ക പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപണികളും,

SOCIAL AUDIT DRAFT REPORT

9. ഇത് സംബന്ധിച്ചു സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്ര സർക്കര് വിജ്ഞപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

**7 രജിസ്റ്ററുകളുടെ പരിശോധനയും കണ്ടെത്തലും**

1. തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റര്
2. ഗ്രാമസഭ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവൃത്തിയുടെ ലിസ്റ്റും,ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്തികളുടെ രജിസ്റ്റര്
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

പഞ്ചായത്തിലെ 7 രജിസ്റ്ററുകള് പരിശോധിച്ചതില് നിന്നു കണ്ടെത്തിയ കാര്യങ്ങൾ

തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റര്

- കവർപേജ് ഉണ്ടായിരുന്നു
- സെക്യൂറിൽ നിന്നു പ്രിന്റ് എടുത്ത് സൂക്ഷിച്ചിരിക്കുന്നു.
- കൃത്യമായി പരിപാലിച്ചിട്ടുണ്ട്

ഗ്രാമ സഭ രജിസ്റ്റർ

ഗ്രാമസഭ രജിസ്റ്ററിൽ 2018 -19 വര്ഷത്തില് രണ്ടു ഗ്രാമസഭകള് നടത്തിയിട്ടുണ്ട്.

SOCIAL AUDIT DRAFT REPORT

- 03/11/18 നു  മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ ലേബർ ബഡ്ജറ്റ് അംഗീകരിക്കൽ 151 അംഗങ്ങൾ പങ്കെടുത്തു

- 09 /02/2019 നു  ദേശീയ തൊഴിലുറപ്പ് പദ്ധതി സപ്ലിമെൻറ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ 148 അംഗങ്ങൾ.

തൊഴിൽ ആവശ്യപ്പെട്ടതും തൊഴില് കൊടുത്തതും സംബന്ധിച്ചുള്ള രജിസ്റ്റർ

- സെക്യൂർ  നിന്നുള്ള കോപ്പി സൂക്ഷിച്ചിട്ടുണ്ട്
- കവർപേജ് ഉണ്ടായിരുന്നു

പ്രവൃത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച്

- ഫയലിൽ 2018 മെയ് 15 വരെയുള്ള വിവരങ്ങള് മാത്രമേ രേഖപ്പെടുത്തി യിട്ടുള്ളൂ

സ്ഥിര ആസ്തികളുടെ രജിസ്റ്റർ

- ആസ്തി രജിസ്റ്ററിൽ 2018-19 സാമ്പത്തിക വർഷത്തെ ഒരു ആസ്തിയുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

പരാതി രജിസ്റ്റർ

❖ ഒന്നാം വാർഡില് നിന്നു പരാതികള് ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല

സാധനരജിസ്റ്റർ

- കവർപേജ് ഉണ്ടായിരുന്നു

SOCIAL AUDIT DRAFT REPORT

- 2018-19 വർഷത്തെ ലിസ്റ്റ് ഉണ്ടായിരുന്നു
- സെക്യൂർ കോപ്പിയാണ് ഫയലില് സൂക്ഷിച്ചിട്ടുള്ളത്

**ഫയൽ പരിശോധനയും കണ്ടെത്തലുകളും**

കവർപേജ്

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും കവർപേജ് ഉണ്ടായിരിക്കേണ്ടതാണ്.
  - പന്ത്രണ്ടാം വാർഡിൽ സോഷ്യൽഓഡിറ്റിന് വിധേയമാകിയ 12 ഫയലുകളിലും കവര് പേജുകൾ ഉണ്ടായിരുന്നു. എന്നാൽ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം ഉള്ളതല്ല. സാങ്കേതിക ജി.പിഎസ് ലൊക്കേഷൻ,സാങ്കേതിക വിദഗ്ദ്ധന്റെ ഒപ്പ്,സോഷ്യൽ ഓഡിറ്റ് നടന്ന തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല

ചെക്ക് ലിസ്റ്റ്

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും രേഖകളുടെ ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്.
  - 12 വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ 12 ഫയലുകളിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നില്ല.

ആക്ഷൻ പ്ലാന് കോപ്പി

SOCIAL AUDIT DRAFT REPORT

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും അതാത് പ്രവൃത്തികൾ ഉൾപ്പെട്ട ആക്ഷന് പ്ലാന് പേജിന്റെ കോപ്പി ഉണ്ടായിരിക്കേണ്ട താണ്
    - 12 വാർഡില് സോഷ്യൽഓഡിറ്റിന് വിധേയമാകിയ 12 ഫയലുക ളിലും ആക്ഷൻപ്ലാൻ പേജിന്റെ കോപ്പി ഉണ്ടായിരുന്നില്ല.

എസ്റ്റിമേറ്റ് കോപ്പി

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും വിശദമായ എസ്റ്റിമേറ്റ്,ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്,എസ്റ്റിമേറ്റ് റിപ്പോർട്ട്,സർവേ ഡാറ്റാ, എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
    - 12 വാർഡില് സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയ 12 ഫയലുകളിലും വിശദമായ എസ്റ്റിമേറ്റ്,അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് ട്രോയിങ് & ഡിസൈന് എന്നിവ ഉണ്ടായിരുന്നു
    - തൊഴിലുറപ്പ് പദ്ധതി 12 ഫയലിൽ എൻജിനിയര് വിശദമായ എസിമേറ്റ് കോപ്പിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല
      സർവേ ഡാറ്റാ,എസ്റ്റിമേറ്റ് കവർ പേജ്.ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ്,എസ്റ്റിമേറ്റ് റിപ്പോർട് എന്നിവ ഉണ്ടായിരുന്നില്ല.

ഭരണനുമതി

SOCIAL AUDIT DRAFT REPORT

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും ഭരണാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം

  - 12 വാർഡില് സോഷ്യല് ഓഡിറ്റ് നടത്തിയ എല്ലാ ഫയലുകളിലും ഭരണാനുമതിയുടെ കോപ്പി സൂക്ഷിച്ചിട്ടുണ്ട് . പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല സെക്യൂർ കോപ്പി ആണ് ഫയലില് സൂക്ഷിച്ചിട്ടുള്ളത്

സാങ്കേതികാനുമതി

- ആനുവൽ മാസ്റ്റർ സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും സാങ്കേതികാനുമതിയുടെ കോപ്പി ഉണ്ടായിരിക്കണം
  - സാങ്കേതികനുമതിയുടെ കോപ്പി സോഷ്യൽ ഓഡിറ്റിന് വിധേയമാകിയ 12 ഫയലുകളിലും സൂക്ഷിച്ചിട്ടിടുണ്ട്, ചെയർമാന്,കൺവീനര്,കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ഡിമാൻഡ് ഫോറം

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ ഫയലിലും പ്രവൃത്തി ലഭിക്കുന്നതിനായി തൊഴിലാളികൾ തൊഴിൽആവശ്യപ്പെടുന്ന ഒരു ഫോറം ഉണ്ടായിരിക്കണം

  - 5 പ്രവൃത്തികളുടെ ഫയലുകളിൽ തൊഴില് അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

  - LD/319680 ഫാം ബണ്ടിംഗ് സ്മാശാനകുന്ന്, LD/329682 ഫാം ബണ്ടിംഗ് റിച്ച് 2 , RC/66096 I T C .റോഡ്

SOCIAL AUDIT DRAFT REPORT

കോൺഗ്രീറ്റ്, RC/272653 കുണ്ടോണി മമ്മു വീട് നടപ്പാത, RC/272610 നെചികണ്ടി നടപ്പാത,

എന്നീ 5 പ്രവർത്തികളില് ഡിമാൻഡ് ഫോറം സൂക്ഷിച്ചിട്ടുണ്ട് .

**ലൈഫ് ഭവനO** നിർമ്മാണം IF/374265 സഫീന, IF/384490 സുബൈത ,IF/363276 കദീജ , IF/363217 നെജിമത് ,IF/363216 അസ്യ , RS/337400 **I H H L ,**നസീമ എന്നീ 6 പ്രവർത്തിയില് ഡിമാൻഡ് ഫോറം സൂക്ഷിച്ചിട്ടില്ല .

വർക്ക് അലോക്കേഷന് ഫോറം

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ ഫയലിലും തൊഴിൽ അനുവദിച്ചത് സംബന്ധിച്ച വർക്ക് ആലോക്കഷന് ഫോറം ഉണ്ടായിരിക്കണം
  - ഓഡിറ്റിന് വിധേയമാകിയ 12 പ്രവൃത്തികളിൽ
  - LD/319680 ഫാം ബണ്ടിംഗ് ശ്മശാനകുന്ന്, LD/329682 ഫാം ബണ്ടിംഗ് റിച്ച് 2 , RC/66096 I T C .റോഡ് കോൺഗ്രീറ്റ്, RC/272653 കുണ്ടോണി മമ്മു വീട് നടപ്പാത, RC/272610 നെചികണ്ടി നടപ്പാത എന്നീ 5 പ്രവർത്തികളില് വർക്ക് അലോക്കേഷന് ഫോറം സൂക്ഷിച്ചിട്ടുണ്ട് .
  - **ലൈഫ് ഭവനO** നിർമ്മാണം IF/374265 സഫീന, IF/384490 സുബൈത ,IF/363276 കദീജ , IF/363217 നെജിമത് ,IF/363216 അസ്യ , RS/337400 **I H H L ,**നസീമ എന്നീ 6 പ്രവർത്തിയില് വർക്ക് അലോക്കേഷന് ഫോറം സൂക്ഷിച്ചിട്ടില്ല

SOCIAL AUDIT DRAFT REPORT

ഇ-മസ്റ്റർറോള്

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിക്കും ഇ-മസ്റ്റർ റോള് ഉണ്ടായിരിക്കണം
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 12 പ്രവൃത്തി ഫയലുകളിലും ഇ-മസ്റ്റർ റോളുകള് സൂക്ഷിച്ചിരുന്നു.
  - ❖ മസ്റ്റർ റോളുകളില് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവര് ഒപ്പ് സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒപ്പിനോപ്പം രേഖപെടുതിയില്ല തിയ്യതി ഇല്ല.
  - ❖ ഫാം ബണ്ടിംഗ് ശ്മശാനകുന്ന്, ഫാം ബണ്ടിംഗ് റിച്ച് 2 , I T C .റോഡ് കോണ്ഗ്രീറ്റ്, കുണ്ടോണി മമ്മു വീട് നടപ്പാത, നെചികണ്ടി നടപ്പാത, എന്നീ 5 ഫയലുകളിലുകളിലെ മസ്റ്റർ റോളുകളിൽ മേറ്റ് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്

SOCIAL AUDIT DRAFT REPORT

മെഷർമെന്റ് ബുക്ക്(അളവ് പുസ്തകം)

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിക്കും അളവ് രേഖപ്പെടുത്തുന്ന പുസ്തകം ഉണ്ടായിരിക്കണം
- ❖ പരിശോധനക്ക് വിധേയമാക്കിയ 12 പ്രവൃത്തികളുടെയും ഫയലിൽ എം.ബുക്ക് സൂക്ഷിച്ചിട്ടുണ്ട്.

വേജ് ലിസ്റ്റ്

- ആനുവൽ മാസ്റ്റർ സർക്കുലർ അനുസരിച്ചു ഓരോ മസ്റ്റര് റോളുകൾക്കും വേജ് ലിസ്റ്റ് ഉണ്ടായിരിക്കണം.
  - ❖ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ 12 ഫയലുകളില് 3 ഫയലിൽ വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ 9 ഫയലുകളിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല

ഫണ്ട് ട്രാൻസ്ഫർ ഓർഡർ(എഫ്.ടി.ഒ)

- ❖ ഓഡിറ്റിന് വിധേയമാകിയ 12 ഫയലുകളില് 2 ഫയലിൽ എഫ്.ടി.ഒ ഉണ്ടായിരുന്നു . 10 ഫയലുകളിൽ എഫ്.ടി.ഒ ഉണ്ടായിരുന്നില്ല.

.

ഫോട്ടോ ഗ്രാഫുകൾ

- ,ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും മൂന്നു ഘട്ടങ്ങളിലെ ഫോട്ടോ ഗ്രാഫുകൾ ഫയലിൽ ഉണ്ടായിരിക്കണം.
  - ❖ പ്രവൃത്തി ഫയലുകളിൽ ഫോടോ ഗ്രാഫ് സൂക്ഷിച്ചിട്ടുണ്ട്.

ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും ജിയോ ടാഗ്ഗ് ചെയ്ത ഒരു ഫോട്ടോ ഗ്രാഫ് എങ്കിലും ഫയലിൽ ഉണ്ടായിരിക്കണം.
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 12 പ്രവൃത്തി ഫയലുകളിലും ജിയോ ടാഗ്ഗ് ചെയ്ത ഫോട്ടോ ഗ്രാഫുകൾ ഉണ്ടായിരുന്നില്ല.

SOCIAL AUDIT DRAFT REPORT

പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തിയുടെയും പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാല് ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധന്റെ ഓപ്പോട് കൂടിയ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഫയലില് ഉണ്ടായിരിക്കണം.

  പ്രവൃത്തി പൂർത്തിയായ ഫയലുകളില് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രംസൂക്ഷിചിട്ടില്ല .

ഫയൽ ട്രാക്കിങ് ഫോറം

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ മസ്റ്റര് റോളുകൾക്കും ഫയല് ട്രാക്കിങ് ഫോറംഉണ്ടായിരിക്കണം
  - ❖ ഓഡിറ്റിന് വിധേയമാക്കിയ 12 ഫയലുകളിലും ഫയൽട്രാക്കിങ് ഫോറം ഉണ്ടായിരുന്നു
  - ❖ ഫയൽ ട്രാക്കിങ് ഫോറത്തില് മസ്റ്റര് റോള് അളവ് രേഖപ്പെടുത്തി കഴിഞ്ഞു ഡി.ഇ ഓ ക്കു നല്കിയത് മുതൽ ഉള്ള കാര്യങ്ങള് രേഖപ്പെടുത്തിയിട്ടില്ല
  - ❖ സെക്രറ്ററി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

സൈറ്റ് ഡയറി

- ആനുവൽ മാസ്റ്റര് സർക്കുലര് അനുസരിച്ചു ഓരോ പ്രവൃത്തികൾക്കും സൈറ്റ് ഡയറി ഉണ്ടായിരിക്കണം
  - പരിശോധന നടത്തിയ 6 ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ടായിരുന്നു.

SOCIAL AUDIT DRAFT REPORT

നിർദേശങ്ങൾ

- എല്ലാ പ്രവൃത്തി ഫയലുകളിലും കവർപേജുകള് ഉണ്ടായിരിക്കണം
- എല്ലാ പ്രവൃത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് ഉണ്ടായിരിക്കണം
- ആക്ഷൻ പ്ലാനില് നിന്നും ബന്ധപ്പെട്ട പ്രവൃത്തിയുടെ പേര് വരുന്ന പേജ് കോപ്പി എടുത്ത് ഫയലിൽ സൂക്ഷിക്കണം
- ഭരണാനുമതി,സാങ്കേതികനുമതി എന്നിവയുടെ കോപ്പികള് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തി ഫയലിൽ സൂക്ഷിക്കണം
- മസ്റ്റർ റോള് ഫയലില് സൂക്ഷിക്കണം തിരുത്തുകള് വരാതിരിക്കാൻ വേണ്ട നടപടികള് എടുക്കണം മസ്റ്റര് റോള് എഴുത്തുന്നതിൽ തെറ്റ് വരാതിരിക്കാന് മേറ്റുമാർക്ക് പരിശീലനം നല്കണം.
- ഓരോ മസ്റ്റർ റോളിനും വേജ് ലിസ്റ്റ് ഫയലില് സൂക്ഷിക്കണം
- ഓരോ വേജ് ലിസ്റ്റിനും ഫണ്ട് ട്രാൻസ്ഫർ ഓർഡർ(എഫ്.ടി.ഒ) ഫയലിൽ സൂക്ഷിക്കണം
- പ്രവൃത്തി പൂർത്തീകരിച്ചാല് പൂർത്തീകരണ സാക്ഷ്യ പത്രം ഫയലിൽ സൂക്ഷിക്കണം
- മൂന്നു ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫുകളും ജിയോടാഗ്ഗ് ഫോട്ടോഗ്രാഫും ഫയലിൽ സൂക്ഷിക്കണം
- സൈറ്റ് ഡയറി നിർബന്ധമായും ഫയലില് ഉണ്ടായിരിക്കണം
- ആനുവൽ മാസ്റ്റര് പ്ലാനില് പറഞ്ഞിരിക്കുന്ന 22 രേഖകളും ഫയലിൽ സൂക്ഷിക്കണം.

**ഫീൽഡ് തല പരിശോധന**

SOCIAL AUDIT DRAFT REPORT

**ഫാം ബണ്ടിംഗ് ശ്മശാനകുന്ന് LD/319680**

| ക്രമ നമ്പർ | പേര് | ഭൂ വിസ്തൃതി | ഫയൽ പ്രകാരം ഉള്ള അളവ് | ഫീല്ഡ് പരിശോധനയിൽ കണ്ടെത്തിയത് | അളവ് വെത്യാസം |
|---|---|---|---|---|---|
| 1 | ജമീല .അമ്മദ് | 15 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 2 | അലീമ | 10സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 3 | രാമചന്ദ്രൻ .പുത്തൻ വീട്ടിൽ | 60 സെന്റ് | ലഭ്യമല്ല | 42 മീറ്റർ | |
| 4 | കാളിയാർ റഷീക് | 22.1/2 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 5 | അഷ്റഫ് | 40 സെന്റ് | ലഭ്യമല്ല | 19 മീറ്റർ | |
| 6 | അബ്ദുള് നാസർ | 40 സെന്റ് | ലഭ്യമല്ല | 19 മീറ്റർ | |
| 7 | നളിനി .പുത്തൻ വീട്ടിൽ | 22 ½ സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 8 | MK കദീജ | 85 സെന്റ് | ലഭ്യമല്ല | 52 മീറ്റർ | |
| 9 | രാജു മാത്യു | 1.ഏക്കർ 30 സെന്റ് | ലഭ്യമല്ല | 51 മീറ്റർ | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| 10 | അസ്യ മണ്ട | 30 സെന്റ്' | ലഭ്യമല്ല | കിള നടത്തി | |
| 11 | കേഴകെനിടത്തിൽ സാഹിറ | 30 സെന്റ്' | ലഭ്യമല്ല | കിള നടത്തി | |
| 12 | കാളിയാർ മമ്മു നവാസ് | 10 സെന്റ്' | ലഭ്യമല്ല | കിള നടത്തി | |
| 13 | ഇമ്പിനസിമ | 12 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 14 | നസിമപാലക്കണ്ടി | 25സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 15 | കാളിയാർ മമ്മദ് | 25 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 16 | അമ്മദ് അലി | 70 സെൻറ് | ലഭ്യമല്ല | 20 മീറ്റർ | |
| 17 | അലി കാളിയാർ | 30 സെന്‍റ്' | ലഭ്യമല്ല | കിള നടത്തി | |
| 18 | മന്നത്ത് ഇബ്രാഹിം | 70 സെൻറ്' | ലഭ്യമല്ല | കിള നടത്തി | |
| 19 | സുലൈമാൻ കളിയർ | 25 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 20 | മൈതീൻ | 20 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 21 | ഉസ്മാൻ കദീജ കുരുവരകണ്ടി | 25.സെന്‍റ് | ലഭ്യമല്ല | കിള നടത്തി | |
| 22 | തക്കയിത്തു കണ്ടി അമ്മദ് | 25 സെന്റ് | ലഭ്യമല്ല | കിള നടത്തി | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| 23 | കളിയർ അൻഡ്രു | 75. സെന്റ് | ലഭ്യമല്ല | 38 മീറ്റർ | |
| 24 | കുണ്ടിലോട്ട് മോയിതുട്ടി | 10 .സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 25 | കുഞ്ഞാമി. | 30 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 26 | പാത്തു ശമീത് റഷീക് | 35 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 27 | കാരൻ കാടൻ സകീന | 17 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 28 | സകീന | 15 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 29 | ആമിന പുഴകൽ | 20 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 30 | മുഹമ്മദ് നിച്ചികണ്ടി | 15 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 31 | ആയിഷ തട്ടകണ്ടി | 8 .സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 32 | അറകൽ ഇബ്രാഹിം | 25 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 33 | കുണ്ടിലോട്ട് മോയിതുട്ടി | 10 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 34 | അറകൽ മമ്മുട്ടി | 25 .സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 35 | ആസ്യ | 25 | ലഭ്യമ | കിള നടത്തി | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| | കളിയർ | സെന്റ് | ല്ല | | |
| 36 | കൊച്ചി പാത്തു | 15 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 37 | സാറ മോയിത്തീൻ | 8 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 38 | മുഹമ്മദ് അലി | 30 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 39 | കോളോത് കദീജ | 18 .സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 40 | ഒരമുണ്ടാകൽ കദീജ | 12 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 41 | മറിയ ഒരമുണ്ടാകൽ | 15.സെ ന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 42 | പാത്തു ഒരമുണ്ടാകൽ | 15 .സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 43 | അബ്ദുള്ള ഒരമുണ്ടാകൽ | 70 .സെന്റ് | ലഭ്യമ ല്ല | 27 മീറ്റർ | |
| 44 | ഇബ്രാഹിം അത്തിലൻ | 2.ഏക്കർ 17 സെന്റ് | ലഭ്യമ ല്ല | 61 മീറ്റർ | |
| 45 | തേവ്. മൊയ് തു ദ്വാരക | 45 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 46 | സബാസ്റ്റ്യൻ | 87 സെന്റ് | ലഭ്യമ ല്ല | 41 മീറ്റർ | |
| 47 | കുര്യൻ v.j | 95 സെന്റ് | ലഭ്യമ ല്ല | 10.25 മീറ്റർ | |
| 48 | എബ്ദുള്ള | 25 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 49 | ബഷീർ | 45.സെറ്റ് | ലഭ്യമ ല്ല | 22 .മീറ്റർ | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| | ഫാത്തിമ | | | | |
| 50 | മുഹമ്മദ് | 20 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 51 | നൗഷാദ് നജിമത് | 23.സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 52 | സുബൈദ മമ്മു | 20 .സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 53 | അമീദ് .സജീപ്പോള് | 18 സെന്റ് | ലഭ്യമല്ല | കിള നടത്തി | |
| 54 | മൊട്ടമൽ കുഞ്ഞിരാമൻ | 48 സെന്റ് | ലഭ്യമല്ല | 24 മീറ്റർ | |
| 55 | റസിയ | 1 ഏക്കർ 40.സെന്റ് | ലഭ്യമല്ല | 55 മീറ്റർ | |
| 56 | മൊയ്തു | 1.ഏക്കർ 30 സെന്റ് | ലഭ്യമല്ല | 42 മീറ്റർ | |
| 57 | തടത്തിൽ അനീഷ് | 3.ഏക്കർ 30 സെന്റ് | ലഭ്യമല്ല | 99 മീറ്റർ | |
| 58 | വേട്ടൻ നബീസ | 60 സെന്റ് | ലഭ്യമല്ല | 40 മീറ്റർ | |
| 59 | കാദർ | 60 സെന്റ് | ലഭ്യമല്ല | 29.58 മീറ്റർ | |
| 60 | സുരേഷ് | 67 സെന്റ് | ലഭ്യമല്ല | 42 മീറ്റർ | |
| 61 | ഉസ്മാൻ | 2 ഏക്കർ 65 സെന്റ് | ലഭ്യമല്ല | 77 മീറ്റർ | |
| 62 | യൂസഫ് | 60 സെന്റ് | ലഭ്യമല്ല | 33 മീറ്റർ | |
| 63 | അനീസ് ജോർജ് | 3.ഏക്കർ 65 സെന്റ് | ലഭ്യമല്ല | 114.മീറ്റർ | |
| 64 | അബ്ദുള്ള | 65 | ലഭ്യമ | കിള നടത്തി | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| | ഒരമുണ്ടാൽ | സ്വാണ്ട് | ല്ല | | |
| 65 | കാളിയർ ഇബ്രാഹിം | 20 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 67 | സുബൈദ ഉസ്മാൻ | 45 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| 68 | അബ്ദുള്ള മാമ്മി | 20 സെന്റ് | ലഭ്യമ ല്ല | കിള നടത്തി | |
| | | | | 957.83 മീറ്റർ | |

**ഫാം ബണ്ടിംഗ് ശ്മശാനകുന്ന് LD/319680**

ആകെ 68 ഗുണഭോക്താക്കളുടെ വീടുകളിൽ ആണ് ഫാം ബണ്ടിംങ്. കൊടുത്തിട്ടുള്ളതായി കാണിച്ചിരിക്കുന്നത് എന്നാല് 40 സെന്റ് സ്ഥലത്തും അതിൽ കൂടുതലും ഉള്ള സ്ഥലത്ത് മാത്രമാണ് ഫാം ബന്ടഡിങ് ചെയ്തിട്ടുള്ത്. എം ബുക്ക് പ്രകാരം ഓരോ ഗുണഭോക്താവിൻറെ ഭൂമിയിലും ചെയ്ത പണിയുടെ അളവ് തരംതിരിച്ച് ലഭ്യമല്ല. 68 ഗുണഭോക്താക്കളിൽ 20 ഗുണഭോക്താക്കളുടെ സ്ഥലത്തു മാത്രമാണ് ഫാം ബണ്ടിംങ് ചെയ്തിരിക്കുന്നത് ബാക്കി 48 ഗുണഭോക്താക്കളുടെ സ്ഥലങ്ങളിൽ കിളയാണ് നടത്തിയത്.

20 ഗുണഭോക്താക്കളുടെ സ്ഥലങ്ങളിൽ ചെയ്ത ഫാം ബൻഡിങ്ന്റെ അളവ്. നീളം- 957.83 മീറ്റർ, അരമീറ്ററാണ് എല്ലാ ഫാം ബണ്ടുകളുടേയും വീതി.

2 *ഫാം ബണ്ടിംങ്. റിച് LD/319682

| ക്രമ നമ്പ | പേര് | ഭൂ വിസ്തൃ | ഫയല് പ്രകാരം | ഫീല്ഡ് പരിശോധന | അളവ് വെത്യാ |
|---|---|---|---|---|---|

SOCIAL AUDIT DRAFT REPORT

| ര് | | തി | ഉള്ള അളവ് | യില് കണ്ടെത്തിയത് | സം |
|---|---|---|---|---|---|
| 1 | ബാബു പി.വി പൈനാടത് | 80 സെന്റ് | ലഭ്യമല്ല | 52 മീറ്റർ | |
| 2 | ബേബി പൈനാടത് | 45. സെന്റ് | | | |
| 3 | രാജു pv | 75 സെന്റ് | | 31 മീറ്റർ | |
| 4 | സുലൈമാൻ വെട്ടൻ H | 40 സെന്റ് | | | |
| 5 | മാമി മാടുമ്പള്ളി | 40 സെന്റ് | | | |
| 6 | അസീസ് | 16 സെന്റ് | | | |
| 7 | സമീറ | 40 സെന്റ് | | | |
| 8 | ബഷീർ കമ്പ | 1.1/2 ഏക്കർ 20 സെന്റ് | | 39 മീറ്റർ | |
| 9 | മാടമ്പള്ളി മമ്മു | 40 സെന്റ് | | | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| 10 | മൊയ്തു അത്തിലൻ | 60 സെന്റ് | | | |
| 11 | നസീർ | 32 സെന്റ് | | | |
| 12 | ഖാലിദ് | 72 സ്വാണ്ട് | | 49 മീറ്റർ | |
| 13 | നസീർ | 43 സെന്റ് | | | |
| 14 | നാസർ അയോത് | 60 സെന്റ് | | 40.മീറ്റർ | |
| 15 | ഹമീദ് കല്ലാച്ചി | 45 സെന്റ് | | | |
| 16 | ബിയാത്തു | 20 സെന്റ് | | | |
| 17 | മമ്മു ഹാജി | 25 സെന്റ് | | | |
| 18 | അലീമ | 40 സെന്റ് | | | |
| 19 | അബ്ദുൾ ഹമീദ് | 12 സെന്റ് | | | |
| 20 | അണിയാരത്ത് അബ്ദുള്ള | 1 ഏക്കർ25 സെന്റ് | | 57 മീറ്റർ | |
| 21 | കാഞ്ഞായ് മമ്മുട്ടി | 2 ഏക്കർ 55 | | | |

SOCIAL AUDIT DRAFT REPORT

| | | | | | |
|---|---|---|---|---|---|
| | | സെന്റ് | | | |
| 22 | അരികെട്ടി മമ്മു | 75 സെന്റ് | | 29.5 മീറ്റർ | |
| 23 | രാധാകൃഷ്ണൻ നായർ | 83 സെന്റ് | | 43 മീറ്റർ | |
| 24 | ശിഹാബുദീൻ | 35 സെന്റ് | | | |

*ഫാം ബണ്ടിംങ്. റിച് LD/319682

ആകെ 24 ഗുണഭോക്താക്കളുടെ വീടുകളില് ആണ് ഫാം ബണ്ടിംങ് കൊടുത്തിട്ടുള്ളതായി കാണിച്ചിരിക്കുന്നത് എന്നാൽ 60 സെന്റ് സ്ഥലത്തും അതിൽ കൂടുതലും ഉള്ള സ്ഥലത്ത് മാത്രമാണ് ഫാം ബന്ടഡിങ് ചെയ്തിട്ടുളത്. എന്നാൽ ഓരോ ഗുണഭോക്താക്കളുടെ ഭൂമിയിലും ചെയ്ത പ്രവൃത്തിയുടെ അളവ് തരംതിരിച്ച് ലഭ്യമല്ല. 24 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കളുടെ സ്ഥലത്തു മാത്രമാണ് ഫാം ബൻഡിങ് ചെയ്തിരിക്കുന്നത് ബാക്കി 16 ഗുണഭോക്താക്കളുടെ സ്ഥലങ്ങളിൽ കിളയാണ് ചെയ്തിരിക്കുന്നത്.

8 ഗുണഭോക്താക്കളുടെ സ്ഥലത്തു ചെയ്ത ഫാം ബന്ടഡിങ് അളവ് ആകെ നീളം- 340.5 മീറ്റർ, വീതി അരമീറ്റർ വീതിയിലാണ് ഫാം ബണ്ട് നിർമ്മിച്ചിരിക്കുന്നത്.

SOCIAL AUDIT DRAFT REPORT

*** കോണ്ക്രീറ്റ്**

3 .റോഡ് കോണ് ക്രീറ്റ് റോഡ് പ്രവർത്തി ചെയിതു

എംബുക്കിലെ അളവ് പ്രകാരം തന്നെ പൂർത്തിയാക്കിയിട്ടുണ്ട്

1.ITC റോഡ് കോൺഗ്രീറ്റ് 44 മീറ്റർ നീളം 3.മീറ്റർ വീതി പ്രവർത്തി പൂർത്തീകരിച്ചു .സൈറ്റ് ബോർഡ്=300/-

2.കുണ്ടോണി മമ്മു വീട് നടപ്പാത കോൺഗ്രീറ്റ്. 44 മീറ്റർ നീളം. .2 മീറ്റർ വീതി സൈറ്റ് ബോർഡ്=2000/-

3.നെച്ചികണ്ടി നടപ്പാത കോൺഗ്രീറ്റ്. 60 മീറ്റർ നീളം. 1 1/2 മീറ്റർ വീതി 3 പ്രവർത്തിയും എം ബുക്ക് അളവ് പ്രകാരം പൂർതികരിച്ചിട്ടുണ്ട്. സൈറ്റ് ബോർഡ് ചാർജ് =400/-

3 പ്രവർത്തിക്കും സൈറ്റ് ബോർഡ് സ്ഥാപിച്ചിരുന്നു. മൊത്തം ചാർജ്= 9000 /-

* തൊഴുതു നിര്മ്മാണം

ഇബ്രാഹിം മന്ദംകണ്ടി

ഒരു തൊഴുത്തിന്റെ നിർമ്മാണ പ്രവർത്തിയാണ് ഉള്ളത് പ്രവൃത്തി പൂര്ത്തിയായി . 3 ഘട്ടളിലായി പ്രവർത്തി നടന്നിട്ടുണ്ട് സൈറ്റ് ബോര്ഡ് സ്ഥാപിച്ചിട്ടില്ല.

* ഭാവന നിർമ്മാണം

5 ഭാവന നിർമ്മാണം പ്രവർത്തിയാണ് നടന്നത്.

5 പ്രവർത്തികളും 4 ഘട്ടളിലായ് പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്

SOCIAL AUDIT DRAFT REPORT

നിർദേശങ്ങള്

- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലുകളാണ് തൊഴിലാളികൾ പ്രവൃത്തി സ്ഥലത്തു ചെയ്യുന്നത് എന്നു ഉറപ്പ് വരുത്തണം.
- പ്രവൃത്തി ചെയ്യുന്ന സമയത്ത് നിർദേശങ്ങള് നല്കാന് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച ആളുടെ സന്ദർശനം നിർബന്ധമാകണം.
- പ്രവൃത്തി ചെയ്ത സ്ഥലത്തെ അളവുകൾ രേഖപ്പെടുത്തിയതിന് ശേഷം മാത്രം എം.ബുക്ക് എഴുതുക.
- അതാത് പ്രവൃത്തികൾ ചെയ്യേണ്ട സമയങ്ങളില് മാത്രം ചെയ്യുന്നതിനായി പ്ലാൻ തയ്യാറാകുക
- കർഷകരുടെ ഭൂമിയില് ചെയ്യുന്ന പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ ശാസ്ത്രീയമായി ചെയ്യുന്നതിനുള്ള നടപടികള് സ്വീകരിക്കുക.
- സൈറ്റ് ഡയറികളിൽ സന്ദർശന വിവരങ്ങള് സാങ്കേതിക വിദഗ്ദ്ധർ നിർബന്ധമായും രേഖപ്പെടുത്തണം.
- പദ്ധതി ആരംഭ മീറ്റിങ്ങുകൾ നടക്കുന്ന സമയങ്ങളില് സാങ്കേതിക വിദഗ്ദ്ധര് പങ്കെടുക്കുകയും നടപ്പാക്കാന് ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദ വിവരങ്ങൾ തൊഴിലാളികളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ഓഫീസിൽ മസ്റ്റര് റോളുകളും സൈറ്റ് ഡയറിയും സ്വീകരിക്കുമ്പോൾ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട് എന്നു പരിശോധിക്കേണ്ടതാണ്

SOCIAL AUDIT DRAFT REPORT

**ഗ്രാമസഭയുടെ അംഗീകാരം**

22/11/2019 ന് നവച്ചിന്ത വായനശാലയിൽ കൂടിയ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ തൊഴിലാളികളിൽ ഒരാളായ തങ്കച്ചൻ അധ്യക്ഷനായി.റിസോഴ്സ് പേഴ്സൺമാർ അവതരിപ്പിച്ച റിപ്പോർട്ട് ഗ്രാമസഭ സമഗ്രമായി ചർച്ച ചെയ്തു.

**മറ്റു തീരുമാനങ്ങളും നിർദേശങ്ങളും**

1. അപേക്ഷിച്ച് 14 ദിവസത്തിനകം തൊഴിൽ കാർഡ് ഫോട്ടോ സഹിതം സൗജന്യമായി ലഭിക്കണമെന്ന് തീരുമാനിച്ചു.

2. തൊഴിൽ രേഖാമൂലം ആവശ്യപ്പെടുവാനും 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലായെങ്കിൽ തൊഴിലില്ലായ്മ വേദനം ലഭിക്കണമെന്ന് തീരുമാനിച്ചു.

3. മേറ്റുമാർക്ക് കൃത്യമായ പരിശീലനം നൽകാൻ തീരുമാനിച്ചു

4. തൊഴിൽ സമയം 8.30 മുതൽ 4 മണി വരെ ആക്കണമെന്ന് തൊഴിലാളികൾ നിർദ്ദേശിച്ചു

5. എസ്റ്റിമേറ്റ് ജനകീയ ഭാഷയിലുള്ളതാക്കാൻ നിർദ്ദേശം.

6. കർഷകർക്ക് ആവശ്യമുള്ള തൊഴിൽ ലഭിക്കുവാനുള്ള നിർദ്ദേശം. പ്രധാനമായും കിള എന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തണമെന്ന് കർഷകർ നിർദേശിച്ചു .

7. പ്രളയത്തെ തുടർന്ന് മണ്ണിടിച്ചിൽ ഉണ്ടായ വിടുകളിൽ അവ തൊഴിലുറപ്പിലൂടെ കോരി മാറ്റാനുള്ള നിർദ്ദേശം തൊഴിലാളികൾ ഗ്രാമസഭയിൽ വച്ചു.

8. തൊഴിൽ ചെയ്ത് 15 ദിവസത്തിനകം കൂലി ലഭിക്കുവാനും ലഭിച്ചിലെങ്കിൽ നഷ്ട പരിഹാരം ലഭിക്കണം എന്നും നിർദ്ദേശിച്ചു.

SOCIAL AUDIT DRAFT REPORT

9. തൊഴിൽ ചെയ്യുന്ന സ്ഥലത്ത് നിന്നും മരണപ്പെട്ടാൽ 25000 രൂപയ അവരുടെ ചിലവ് നടത്താൻ പോലും തികയില്ല എന്നും തുക 200000 രൂപയെങ്കിലും ആക്കണമെന്നും തൊഴിലാളികൾ നിർദ്ദേശിച്ചു.

10. തൊഴിൽ ചെയ്യുന്നത് 5 കിലോമീറ്ററിന് അപ്പുറമാണെങ്കിൽ വണ്ടി കൂലി ലഭിക്കണമെന്ന് നിർദേശിച്ചു.

**തയ്യാറാക്കിയത്**

**സോഷ്യൽ ഓഡിറ്റ് ടീം**

**മാനന്തവാടി ബ്ലോക്ക്**

SOCIAL AUDIT DRAFT REPORT